"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്-ജീവനക്കാര്യം-ശ്രീ. ജോമോൻ പി.ജോസഫ് ക്ലാർക്ക് ന്റെ പരിവീക്ഷാ കാലയളവ് കെ.എസ്.&എസ്.എസ്.ആർ, പാർട്ട്-II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി(ഇബി) വകുപ്പ്**

സ.ഉ.(സാധാ) നം.994/2024/AGRI തീയതി,തിരുവനന്തപുരം, 19-10-2024

---

പരാമർശം:-

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 16.07.2024 ലെ ADFW/5676/2024-SA3 നമ്പർ നടപടിക്രമം
2. ശ്രീ. ജോമോൻ പി.ജോസഫ് ക്ലാർക്ക് ന്റെ ന്റെ 27.06.2024 ലെ അപേക്ഷ
3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 15.08.2024 ലെ ADFW/5676/2024-SA3 നമ്പർ കത്ത്

**ഉത്തരവ്**

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയ ശ്രീ. ജോമോൻ പി. ജോസഫ് 15.04.2020 പൂർവ്വാഹ്നം സേവനത്തിൽ പ്രവേശിച്ചുവെന്നും ടിയാന്റെ ക്ലാർക്ക് തസ്തികയിലെ താൽക്കാലിക നിയമനം **15.04.2020 പൂർവ്വാഹ്നം** മുതൽ ക്രമപ്പെടുത്തിക്കൊണ്ടും തുടർച്ചയായ 3 വർഷത്തിലെ 2 വർഷക്കാലം പരിവീക്ഷാ കാലത്തിൽ വച്ച് കൊണ്ടും ഉത്തരവായിട്ടുള്ളതാണെന്നും 14/4/2022 ന് പരിവീക്ഷാ കാലം പൂർത്തീകരിക്കേണ്ടിയിരുന്ന ശ്രീ. ജോമോൻ ജോസഫ് നിശ്ചിത കാലാവധി ക്കുള്ളിൽ പരിവീക്ഷാകാലം പൂർത്തീകരിക്കുന്നതിന് അനിവാര്യമായ MOP പരീക്ഷ വിജയിച്ചിരുന്നില്ല എന്നും പരാമർശം (2) നടപടിക്രമം പ്രകാരം ടിയാന്റെ പരിവീക്ഷാക്കാലം കെ.എസ് ആർ ഭാഗം 2 ചട്ടം 21 ലെ വ്യവസ്ഥകൾ പ്രകാരം 15.04.2022 മുതൽ 14.04.2023 വരെ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ടെന്നും ആയതിനാൽ ശ്രീ. ജോമോൻ പി.ജോസഫ് ക്ലാർക്ക് 04.10.2023 ന് നടന്ന MOP പരീക്ഷ വിജയിച്ചിട്ടുള്ള സാഹചര്യത്തിൽ, ശ്രീ. ജോമോൻ പി.ജോസഫ്, ക്ലാർക്ക് ന്റെ പരിവീക്ഷാക്കാലം **05/10/2023 ന്** പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നതിലേയ്ക്കായി ടിയാന്റെ പരിവീക്ഷാകാലം 15.04.2023 മുതൽ 06.10.2023 വരെ ദീർഘിപ്പിച്ച് ഉത്തരവാകണമെന്ന് വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വകുപ്പ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ചും 04/10/2023 -ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ എം.ഒ.പി.പരീക്ഷ ശ്രീ. ജോമോൻ പി. ജോസഫ് വിജയിച്ചത് കണക്കിലെടുത്തും ,കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ ക്ലാർക്കായ ശ്രീ. ജോമോൻ പി. ജോസഫ് ന്റെ പരിവീക്ഷാ കാലയളവ്

05/10/2023 പൂർവ്വാഹ്നത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുവാൻ നിയമനാധികാരിക്ക് സാധിക്കുമാറ്, ടിയാന്റെ പരിവീക്ഷാ കാലയളവ് 15.04.2023 മുതൽ 06.10.2023 വരെ **കെ.എസ്.&എസ്.എസ്.ആർ, പാർട്ട്-II ചട്ടം 21 പ്രകാരം** ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(സർവ്വീസ് ബുക്ക് സഹിതം).

ശ്രീ. ജോമോൻ പി.ജോസഫ് , ക്ലർക്ക് (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന).

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് ) , കേരളം, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Divia L
Date: 19-10-2024 17:24:48
സെക്ഷൻ ഓഫീസർ